**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 826** **11-02-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ് മുടങ്ങൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ് മുടങ്ങിയത് കാരണം പ്രസ്തുത കുട്ടികളുടെ പഠനം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ് അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാൻറ് സ്കോളർഷിപ്പ് ലഭ്യമാകാത്തതിനാൽ പഠനം മുടങ്ങിയത് ശ്രദ്ധയിൽ പെട്ടിട്ടില്ല. ഇ-ഗ്രാന്റ് സ്കോളർഷിപ്പ് വിതരണം മുടങ്ങുന്ന സാഹചര്യം നിലവിലില്ല. പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ 2023-24 വർഷം വരെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇ-ഗ്രാൻറ്സ് മുഖേന പൂർണമായും അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024 -25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പടെ 333 കോടി രൂപ പൂർണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പട്ടികജാതി വിഭാഗ വിദ്യാത്ഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പാലാ നിയോജകമണ്ഡലത്തിലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള ഗ്രാന്റ് വർഷങ്ങളായി മുടങ്ങിയത് സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാൻറ് സ്കോളർഷിപ്പ് ലഭ്യമാകാത്തതിനാൽ പഠനം മുടങ്ങിയത് ശ്രദ്ധയിൽ പെട്ടിട്ടില്ല. ഇ-ഗ്രാന്റ് സ്കോളർഷിപ്പ് വിതരണം മുടങ്ങുന്ന സാഹചര്യം നിലവിലില്ല. പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ 2023-24 വർഷം വരെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇ-ഗ്രാൻറ്സ് മുഖേന പൂർണമായും അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024 -25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പടെ 333 കോടി രൂപ പൂർണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പട്ടികജാതി വിഭാഗ വിദ്യാത്ഥികളുടെ 2023-24 അധ്യയന വർഷം വരെയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2024-25 വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ